# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1881 | 05.10.2016-ൽ മറുപടിയ്ക്ക്

## സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. സ്വരാജ്: | **ശ്രീ.എ.കെ.ബാലൻ**<br>**പട്ടിക ജാതി പട്ടികവർഗ്ഗ**<br>**പിന്നോക്ക സമുദായ ക്ഷേമവും നിയമവും**<br>**സാംസ്കാരികവും പാർലമെന്ററികാര്യവും**<br>**വകുപ്പ് മന്ത്രി** |
| (എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ ഭരണ സമിതി അവസാനമായി യോഗം ചേർന്നത് എന്നായിരുന്നുവെന്ന് അറിയിക്കുമോ; | (എ) 25/11/2015 |
| (ബി) ഈ യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഡയറക്ടർ നൽകിയ മിനിറ്റ്സിൽ അംഗീകാരത്തിനു മുൻപ് എന്തെങ്കിലും തിരുത്തലുകൾ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് തലത്തിലാണ് തിരുത്തലുകൾ വരുത്തിയതെന്ന് അറിയിക്കുമോ; | (സി) ഉണ്ട്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ലഭ്യമാക്കിയ മിനിട്സിൽ അന്നത്തെ സാംസ്കാരിക വകുപ്പ് അഡീഷണൽ സെക്രട്ടറി തിരുത്തൽ വരുത്തിയ കരട് മിനിട്സ് അന്നത്തെ ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ശരി വച്ചിരുന്നു. തിരുത്തൽ വരുത്തിയ മിനിട്സ് മുൻ സാംസ്കാരിക വകുപ്പ് മന്ത്രി അംഗീകരിക്കുകയും ചെയ്തിരുന്നു. |
| (ഡി) പ്രസ്തുത മിനിറ്റ്സ് തിരുത്തിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് അന്വേഷണം നടത്തി തിരുത്തലുകൾ വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമോ; | (ഡി) ഇതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടന്നുവരുന്നു. |

| | | | |
|---|---|---|---|
| (ഇ) | ഈ തിരുത്തലുകളുടെ വിശദാംശങ്ങൾ അറിയിക്കുമോ? | (ഇ) | 'ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന 9 ജീവനക്കാരെ താല്ക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അനുവാദം' അംഗീകരിച്ചു കൊണ്ടുള്ള തീരുമാനം 'തല്കാലം നടപ്പാക്കേണ്ടതില്ലാ' എന്ന് തിരുത്തൽ വരുത്തിയിരുന്നു. മുൻ സാംസ്കാരിക വകുപ്പ് മന്ത്രിയുടെ ഉത്തരവു പ്രകാരം പ്രസ്തുത തിരുത്തൽ ഒഴിവാക്കി ഭരണ സമിതി യോഗത്തിന്റെ തീരുമാനം അംഗീകരിച്ചു കൊണ്ട് പുതുക്കിയ മിനിട്സ് 23/5/2016 ൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്ക് അയച്ചു കൊടുത്തിരുന്നു. |

സെക്ഷൻ ഓഫീസർ